**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **05-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെല്ല് സംഭരണം കുറ്റമറ്റതാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കേരളത്തിൽ നെല്ല് സംഭരണം കുറ്റമറ്റതും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) വിവിധ ഘട്ടങ്ങളിലായി സമഗ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**i).കർഷക രജിസ്ട്രേഷൻ സംവിധാനം**<br>നെല്ല് സംഭരണത്തിനായി PADDY PORTAL മുഖേന കർഷകരുടെ രജിസ്ട്രേഷൻ നടപ്പാക്കുകയും കൃഷിഭവനുകൾ വഴി ഭൂമി വിസ്തീർണ്ണവും പ്രതീക്ഷിക്കാവുന്ന വിളവുമടക്കമുള്ള വിവരങ്ങൾ ഫീൽഡ് തലത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുന്നു.<br><br>ii).**ഗുണനിലവാര പരിശോധന**<br>കേന്ദ്ര സർക്കാർ നിർദേശിച്ച FAQ (Fair Average Quality) മാനദണ്ഡങ്ങൾ കർശനമായി പാലിച്ചാണ് നെല്ല് സ്വീകരിക്കുന്നത്. ഈർപ്പം, പതിര് തുടങ്ങിയവ സംബന്ധിച്ച് നിർദ്ദിഷ്ട പരിധികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയ ശേഷമേ സംഭരണം അനുവദിക്കുന്നുള്ളൂ.<br><br>iii).**സുതാര്യമായ തൂക്ക സംവിധാനം**<br>ഡിജിറ്റൽ വെയിംഗ് മെഷീനുകൾ ഉപയോഗിച്ചാണ് തൂക്കം നിർണ്ണയിക്കുന്നത്. കർഷകർക്ക് നേരിട്ട് തൂക്കം നിരീക്ഷിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളതും തൂക്കവുമായി ബന്ധപ്പെട്ട പരാതികൾക്ക് ഉടൻ പരിശോധന നടത്തി പരിഹാരം നല്കി വരുന്നു.<br><br>iv).**സീസൺ അടിസ്ഥാനത്തിലുള്ള പരിധി നിശ്ചയം**<br>ഓരോ കർഷകനും സംഭരിക്കാവുന്ന നെല്ലിന്റെ പരമാവധി അളവ് സീസൺ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിലൂടെ വ്യാജ സംഭരണവും ഇരട്ട ബില്ലിംഗും തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | v).**<u>റൈസ് മില്ലുകളുമായുള്ള കർശന നിയന്ത്രണം</u>**<br>അംഗീകൃത റൈസ് മില്ലുകൾക്ക് മാത്രമേ നെല്ല് നൽകുന്നുള്ളൂ. കസ്റ്റം മില്ലിംഗ് റൈസ് (CMR) നിശ്ചിത സമയത്തിനുള്ളിൽ സർക്കാരിൽ ഏൽപ്പിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിപ്പിക്കുകയും വീഴ്ച വരുത്തുന്ന മില്ലുകൾക്കെതിരെ പിഴയും ബ്ലാക്ക് ലിസ്റ്റിംഗും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>vi).**<u>ഓൺലൈൻ ട്രാക്കിംഗ് സംവിധാനം</u>**<br>നെല്ല് സംഭരിക്കുന്നത് മുതൽ മില്ലിംഗും കസ്റ്റം മില്ലിംഗ് റൈസ് (CMR) കൈമാറ്റവും വരെ മുഴുവൻ പ്രക്രിയയും MIS/ഓൺലൈൻ ട്രാക്കിംഗ് സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിനാൽ കണക്കെടുപ്പിൽ പിശകുകൾ ഇല്ലാതാകുന്നു<br><br>vii) **<u>സംഭരിച്ച നെല്ലിന്റെ വില അനുവദിക്കൽ</u>**<br><br>സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ബാങ്ക് കൺസോഷ്യം, PRS (Paddy Receipt Sheet) വായ്പാ മുഖേന അനുവദിക്കുന്നു.<br><br>viii).**<u>പരാതി പരിഹാര സംവിധാനം</u>**<br>സപ്ലൈകോ ഓഫീസുകൾ, ജില്ലാ പാഡി മാർക്കറ്റിംഗ് ഓഫീസർമാർ, ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ എന്നിവ കൂടാതെ കർഷകരുടെ പരാതികൾ ഏതു വിധത്തിൽ ലഭ്യമായാലും ആയത് സ്വീകരിക്കുകയും സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുന്നു.<br><br>ix).**<u>സർക്കാർ തല അവലോകനം</u>**<br>ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗങ്ങൾ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിരന്തരം അവലോകനം ചെയ്യുന്നു. കൂടാതെ മന്ത്രിസഭാ ഉപസമിതി ചേരുന്ന യോഗങ്ങൾ, മന്ത്രിതലത്തിൽ വിളിച്ചു ചേർക്കുന്ന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗങ്ങൾ എന്നിവയിലൂടെ കേരളത്തിലെ നെല്ല് സംഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നെല്ലിന്റെ വില കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | കർഷകർക്ക് നെല്ലിന്റെ താങ്ങുവില (MSP), സംഭരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റു ചിലവുകൾ എന്നിവ കേന്ദ്ര സർക്കാർ അനുവദിക്കുന്നു. അതിനുപുറമേ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസ് (SIB) നൽകുന്നു. നെല്ലിന്റെ താങ്ങുവില കേന്ദ്രസർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാകാൻ 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെട്ടിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോ കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖേന പി.ആർ.എസ് വായ്പയായി കർഷകർക്ക് അനുവദിക്കുന്നു. |
| (സി) | കർഷകർക്ക് നെല്ലിന് ഉയർന്ന വില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ; | (സി) | വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് നെല്ലിന്റെ താങ്ങുവില (MSP) നിർണ്ണയിക്കുന്നത് കേന്ദ്ര, സർക്കാരാണ്. അതിനു പുറമേ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസ് (SIB) കൂടി അനുവദിക്കുന്നു. |
| (ഡി) | ഇത്തവണത്തെ സംഭരണ സീസൺ ആരംഭിക്കുന്നതിന് മുമ്പായി ഇക്കാര്യത്തിൽ ആരെല്ലാമായി ചർച്ചകൾ നടത്തിയെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ? | (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി മറികടക്കുന്നതിനായി സഹകരണ മേഖലയെ കൂടി നെല്ല് സംഭരണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതുമായി ബന്ധപ്പെട്ട് 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും 16/01/2026 ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും ഉന്നതതല യോഗം ചേർന്നിട്ടുണ്ട്. 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം നെല്ല് സംഭരണത്തിനുള്ള സംസ്ഥാന ഏജൻസി ആയി സപ്ലൈകോയെ നിലനിർത്തിക്കൊണ്ടും സഹകരണ സംഘങ്ങളും നോഡൽ സഹകരണ സംഘങ്ങളും മുഖേന നെല്ല് സംഭരിച്ചുകൊണ്ടും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കാനുതകുന്ന ഒരു സ്കീം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും സഹകരണ സംഘങ്ങളുടെയും നോഡൽ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്ന സ്കീം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, ഈ വരുന്ന വിളവെടുപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനും സ്കീം സംബന്ധിച്ച പ്രവർത്തന ചട്ടക്കൂടും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ധനകാര്യം, കൃഷി, ഭക്ഷ്യ-സിവിൽ സപ്ലൈസ്, തദ്ദേശ-സ്വയംഭരണം, സഹകരണം വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും സഹകരണ വകുപ്പ് സ.ഉ (കൈ)നം. 2/2026/Co-op തീയതി 14/01/2026 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ